# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1219 | 13.12.2012-ൽ മറുപടി നൽകേണ്ടത്

## വില്ലേജ് ഓഫീസുകളിൽ കരം ഒടുക്കി ഒപ്പിട്ട് നൽകുവാൻ അധികാരമുള്ള ഉദ്യോഗസ്ഥർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ജി.എസ്.ജയലാൽ | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ കരം ഒടുക്കി ഒപ്പിട്ട് നൽകുവാൻ അധികാരമുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് അറിയിക്കുമോ; | (എ) വില്ലേജാഫീസർ, സ്പെഷ്യൽ വില്ലേജാഫീസർ, വില്ലേജ് അസിസ്റ്റന്റ് എന്നിവർക്ക് കരം സ്വീകരിച്ച് രസീത് ഒപ്പിട്ട് നൽകാവുന്നതാണ്. |
| (ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ അഭാവം കാരണം വില്ലേജ് ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് കരം ഒടുക്കി വാങ്ങുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) വില്ലേജ് ഓഫീസിലെ ജീവനക്കാരായ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ (വില്ലേജ്മാൻ) കരം ഒടുക്കി നൽകുവാൻ അധികാരപ്പെടുത്തുവാൻ കഴിഞ്ഞ രണ്ട് ശമ്പളകമ്മീഷനുകൾ ശുപാർശ നൽകിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ പ്രസ്തുത ജീവനക്കാരെക്കൂടി കരം ഒടുക്കി നൽകുവാൻ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി)യും (ഡി)യും<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ്മാൻ തസ്തികയിലെ ജീവനക്കാർ കരം എഴുതുന്നതിന് അധികാരം നൽകുന്നത് സംബന്ധിച്ച് 8-ാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശയുണ്ടായിരുന്നതാണ്. എന്നാൽ ടി ശുപാർശ സർക്കാർ പരിശോധിക്കുകയും നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ